**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷ വിഭാഗത്തിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ ഒഴിവുകളുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | എങ്കിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എത്രയെന്ന് ജില്ല തിരിച്ച വ്യക്തമാക്കാമോ; | (ബി) | ജില്ല തസ്തിക തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം തിരുവനന്തപുരം ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷ ണർ (എ.എൽ & വി) – 1 ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷ ണർ (എൻഫോഴ്സ്മെന്റ്) – 1 ചീഫ് ഗവ. അനലിസ്റ്റ് – 1 ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷ ണർ - 1 ഗവ. അനലിസ്റ്റ് – 1 ജൂനിയർ ലാബ് അസിസ്റ്റൻറ് – 9 പായ്ക്കർ - 1 കൊല്ലം ഭക്ഷ്യസുരക്ഷാ ഓഫീസർ - 2 പത്തനംതിട്ട ഭക്ഷ്യസുരക്ഷാ ഓഫീസർ -1 ആലപ്പുഴ ഭക്ഷ്യസുരക്ഷാ ഓഫീസർ -1 കോട്ടയം ഡ്രൈവർ -1 ഇടുക്കി ഭക്ഷ്യസുരക്ഷാ ഓഫീസർ -1 എറണാകുളം ഭക്ഷ്യസുരക്ഷാ ഓഫീസർ -4 ജൂനിയർ ലാബ് അസിസ്റ്റൻറ് - 5 പായ്ക്കർ - 1 തൃശ്ശൂർ ഭക്ഷ്യസുരക്ഷാ ഓഫീസർ -6 പാലക്കാട് ഭക്ഷ്യസുരക്ഷാ ഓഫീസർ -7 മലപ്പുറം ഭക്ഷ്യസുരക്ഷാ ഓഫീസർ -4 കോഴിക്കോട് ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീ ഷണർ - 1 റിസർച്ച് ഓഫീസർ -1 ഭക്ഷ്യസുരക്ഷാ ഓഫീസർ -1 ജൂനിയർ ലാബ് അസിസ്റ്റന്റ് – 5 പായ്ക്കർ - 1 വയനാട് ഭക്ഷ്യസുരക്ഷാ ഓഫീസർ -1 ഡ്രൈവർ - 1 കണ്ണൂർ ഭക്ഷ്യസുരക്ഷാ ഓഫീസർ -7 ക്ലർക്ക് - 1 കാസർഗോഡ് ഭക്ഷ്യസുരക്ഷാ ഓഫീസർ -2 |
| (സി) | ഓണവിപണിയിൽ പതിവായി നടക്കാറുണ്ടായിരുന്ന പരിശോധന മതിയായ സ്റ്റാഫിന്റെ കുറവ് കാരണം ഇത്തവണ മിക്കജില്ലകളിലും ഫലപ്രദമായില്ലായെന്ന വാർത്ത വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ; | (സി) | ഭക്ഷ്യസുരക്ഷാ വകുപ്പ് ഓണ വിപണിയിൽ പതിവായി നടത്തിവരുന്ന ഓണം സ്പെഷ്യൽ സ്ക്വാഡ് ഭക്ഷ്യ പരിശോധന ഇത്തവണയും 09/08/2021 മുതൽ 22/08/2021 വരെ നടത്തിയിരുന്നു. സംസ്ഥാനത്ത് ഒട്ടാകെ 2839 പരിശോധനകളാണ് നടത്തിയത്. ടി പരിശോധനകളിൽ 371 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 864 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിച്ച് ലാബ് പരിശോധനകൾക്കായി നൽകിയിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | പാലിയ്ക്കാത്ത 4 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വയ്പിക്കുകയും 494 ഭക്ഷ്യ സംരംഭകർക്ക് നോട്ടീസുകൾ നൽകുകയും 76 ഭക്ഷ്യ സംരംഭകർക്ക് 2,65,500/- രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.കൂടാതെ മത്സ്യ പരിശോധനയിൽ ഉപയോഗയോഗ്യമല്ലാത്ത 35 കിലോ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ വർഷം റേഷൻ കടകൾ വഴി വിതരണം ചെയ്ത ഓണക്കിറ്റിൽ ഉണ്ടായിരുന്ന പപ്പടം, ശർക്കര എന്നിവ ഭക്ഷ്യയോഗ്യമല്ലെന്ന് ഭക്ഷ്യ സുരക്ഷാവിഭാഗം കണ്ടെത്തിയിരുന്നോ; എങ്കിൽ തുടർനടപടികൾ വ്യക്തമാക്കാമോ? | (ഡി) | 2020 ൽ റേഷൻ കടകൾ വഴി വിതരണം ചെയ്ത ഓണക്കിറ്റിൽ ഉണ്ടായിരുന്ന ശർക്കര, പപ്പടം എന്നിവയുടെ ഗുണനിലവാരം സംബന്ധിച്ച് പരാതികൾ ഉയർന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ നടത്തിയ പരിശോധനയിൽ ചിലത് Unsafe ആയി ഫലം ലഭിച്ചതിൻ പ്രകാരം പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ വിതരണം നിർത്തി വയ്ക്കുക, 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം പ്രകാരം പ്രോസിക്യൂഷൻ കേസ് രജിസ്റ്റർ ചെയ്യുന്നത് ഉൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ